LIBRARY ARCHIVES Kerala Legislative Assembly

**കൺസ്യൂമർ ഫെഡ് വഴിയുള്ള നെല്ല്, തേങ്ങ എന്നിവയുടെ സംഭരണം**

18 (*588) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡ് നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനകം എത്ര ക്വിന്റൽ നെല്ല് സംഭരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) തേങ്ങാ സംഭരണത്തിനും സംസ്ക്കരണത്തിനുമായി കൺസ്യൂമർ ഫെഡ് ആവിഷ്ക്കരിച്ച പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ ? ;

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) കൺസ്യൂമർഫെഡ് നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്. നാളിതു വരെ 55738 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) തേങ്ങാ സംഭരണത്തിനും സംസ്ക്കരണത്തിനുമായി കൺസ്യൂമർഫെഡ് ആവിഷ്ക്കരിച്ച പദ്ധതിയുടെ ഭാഗമായി നാളിതുവരെ 40,986 ക്വിന്റൽ പച്ചത്തേങ്ങ സംഭരിച്ചു. ഇപ്രകാരം ശേഖരിച്ച പച്ചത്തേങ്ങ സംസ്ക്കരിച്ച് കൊപ്രയാക്കി, 6993 ക്വിന്റൽ കൊപ്ര നാഫെഡിന് നൽകിയിട്ടുണ്ട്.

**കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ**

19 (*589) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വിപണനത്തിനായി രൂപീകരിച്ച കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കയർ വിപണനം ശക്തിപ്പെടുന്നതിന് പ്രസ്തുത കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി എന്ത് തുകയാണ് ഈ വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത് ;

(സി) 2009-10-ൽ ഈ കമ്മ്സോർഷ്യയത്തിന്റെ പ്രവർത്തനങ്ങൾക്കായി എന്ത് തുകയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത് ;

(ഡി) ഈ കാലയളവിൽ സംസ്ഥാനത്തെ കയർ വിപണിയിൽ കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിലൂടെ എത്ര കോടി രൂപയുടെ അധിക വിറ്റ് വരവ് നേടാനായി ;

(ഇ) ഈ വർഷം പ്രസ്തുത മേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(എഫ്) ഈ വർഷം ഇതിലൂടെ എത്ര കോടി രൂപയുടെ അധിക വിറ്റു വരവ് പ്രതീക്ഷിക്കുന്നു ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) കേരളത്തിലെ കയർ വ്യവസായത്തിന്റെ സമഗ്രവികസനത്തിനും പുനരുദ്ധാരണത്തിനുമായി നിയോഗിച്ച കയർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകൃതമായത്. കയറിന്റെ ആഭ്യന്തര വിദേശ വിപണി വർദ്ധിപ്പിക്കുക എന്നതാണ് കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ ഉദ്ദേശലക്ഷ്യം. ഇതിന്റെ രൂപീകരണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിന് നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കൺസോർഷ്യത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 200 ലക്ഷം രൂപയാണ് ഈ വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തി യിരിക്കുന്നത്.

(സി) 2009-10-ൽ കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

(ഡി) കൺസോർഷ്യത്തിന്റെ പ്രാരംഭ പ്രവർത്തനഫലമായി പൊതു മേഖലാ സ്ഥാപനങ്ങൾ ഒരു കോടി രൂപയ്ക്ക് മുകളിൽ കയറുൽപ്പന്നങ്ങൾ കയറ്റുമതി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ അതുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

(എഫ്) പൊതുമേഖലയുടെ വിപണന സംവിധാനം ശക്തിപ്പെടുത്തുന്ന തിലൂടെ ഏതാണ്ട് അഞ്ചുകോടി രൂപയുടെ അധിക വിറ്റുവരവ് ഈ വർഷം പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly